## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 717.** **20.03.2013-ൽ മറുപടിയ്ക്ക്**

## കേരളത്തിലെ വൃക്ക രോഗികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | കേരളത്തിൽ വൃക്ക രോഗികളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | കേരളത്തിൽ വൃക്ക രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |
| ബി) | ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) | ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| സി) | താലൂക്കാശുപത്രികളിൽ വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വ്യക്തമാക്കാമോ? | സി) | കാരുണ്യ ബനവലന്റ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രി കളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിനുവേണ്ടി 5.2.2013 ലെ സ.ഉ. (സാധാ) 114/2013 റ്റി.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ചിറയിൻകീഴ്, റാന്നി, കൊട്ടാരക്കര, പുനലൂർ, ചേർത്തല, ആലപ്പുഴ, ചങ്ങനാശ്ശേരി, പീരുമേട്, മൂവാറ്റുപുഴ, പറവൂർ, വടക്കാഞ്ചേരി, കുന്നംകുളം ഒറ്റപ്പാലം, മണ്ണാർക്കാട്, കൊയ്‌ലാണ്ടി, താമരശ്ശേരി, തളിപ്പറമ്പ്, നീലേശ്വരം, സുൽത്താൻബത്തേരി, എന്നീ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലും, പാലാ, തലശ്ശേരി, അടൂർ, കൽപ്പറ്റ എന്നീ ജനറൽ ആശുപത്രികളിലും, നെടുമങ്ങാട് |

| | | | |
|---|---|---|---|
| | | | നെയ്യാറ്റിൻകര, കാഞ്ഞങ്ങാട്, എന്നീ താലൂക്ക് ആശുപത്രികളിലും തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ അനുമതിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ